*Swamy Saranam*

# തിരുവിതാംകൂർ ദേവസ്വം ബോർഡ്
## നന്തൻകോട്, തിരുവനന്തപുരം

ആർ ഒ സി. 10535/18/എസ്റ്റാ എ

ദേവസ്വം കമ്മീഷണർ ഓഫീസ്
30.07.2018

**സർക്കുലർ**

വിഷയം - തിരുവിതാംകൂർ ദേവസ്വം ബോർഡ് - എസ്റ്റാബ്ലിഷ്മെന്റ്, ക്ലാസ് ഫോർ ക്ഷേത്രജീവനക്കാർ വിഭാഗങ്ങളിലെ തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച്.

സൂചന - 1. 17.05.2018 ലെ ആർ ഒ സി 3374/11/എസ്റ്റാ 1 നമ്പർ ബോർഡ് ഉത്തരവ്
2.25.07.2018 ലെ ആർ ഒ സി 87/12/എസ്റ്റാ 1 നമ്പർ ബോർഡ് ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എസ്റ്റാബ്ലിഷ്മെന്റ്, ക്ലാസ് ഫോർ ക്ഷേത്രജീവനക്കാർ വിഭാഗങ്ങളിലെ പുനർ വിന്യാസം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിന് ക്ലാസ് ഫോർ ക്ഷേത്രജീവനക്കാരുടെ പുനർവിന്യാസം നടപ്പിലാക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ഓഫീസറെയും എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലേത് നടപ്പിലാക്കുന്നതിന് ദേവസ്വം കമ്മീഷണർ, ചീഫ് എഞ്ചിനിയർ (ജനറൽ) എന്നിവരെയും ചുമതലപ്പെടുത്തി ബോർഡ് ഉത്തരവായിട്ടുള്ളതാണ്.(സൂചന 1).

പ്രസ്തുത ബോർഡ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർ വിന്യാസം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനായി ടി വിഷയം സംബന്ധിച്ച് ദേവസ്വം കമ്മീഷണർ, ചീഫ് എഞ്ചിനിയർ (ജനറൽ), ദേവസ്വം അക്കൗണ്ട്സ് ഓഫീസർ എന്നിവരുടെ യോഗം ചേർന്ന് വിശദമായി ചർച്ച ചെയ്തു.

പ്രസ്തുത ബോർഡുത്തരവിൽ പ്രതിപാദിച്ചിട്ടുള്ള സമയപരിധിക്കകം പുനർവിന്യാസം നടപ്പിലാക്കുന്നതിന് പ്രായോഗികമായി തടസ്സങ്ങൾ ഉള്ളതായും പുനർവിന്യാസം സംബന്ധിച്ച റിപ്പോർട്ടിൽ അധിക തസ്തികകളായി കണ്ടെത്തിയിട്ടുള്ളവ സംബന്ധിച്ച് കൂടുതൽ പരിശോധനയും പുനർവിന്യാസ പ്രക്രിയ അർത്ഥവത്തായ രീതിയിൽ നടപ്പിലാക്കുനതിന് കൂടുതൽ പഠനവും ആവശ്യമാണെന്നും അതിലേയ്ക്ക് ദേവസ്വം കമ്മീഷണർ , ചീഫ് എഞ്ചിനിയർ (ജനറൽ), ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും ഈ കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ പുനർവിന്യാസ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഒരു സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനും അനുവാദത്തിനായി ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്തു. കൂടാതെ പ്രസ്തുത സെല്ലിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ അതതു ഗ്രൂപ്പുകളിൽ നിന്നും നിയോഗിക്കുന്നതിനുള്ള അനുവാദത്തിനായും പുനർവിന്യാസം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അസിസ്റ്റന്റ് ലാ ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും പുനർവിന്യാസം സംബന്ധിച്ച് മേൽ വിവരിക്കും പ്രകാരംമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി ദേവസ്വം ജില്ലകൾ കേന്ദ്രീകരിച്ച് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സബ് ഗ്രൂപ്പ് ഓഫീസർ എന്നിവരുടെ യോഗം ചേരുന്നതിനും തീരുമാനിച്ച് അനുവാദത്തിനായി ബോർഡിലേയ്ക്ക് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയത് അംഗീകരിച്ച് ബോർഡ് ഉത്തരവ് ലഭിച്ചിട്ടുള്ളതാണ്. (സൂചന 2)

*Swamy Saranam*

പ്രസ്തുത ബോർഡ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ജില്ലകൾ കേന്ദ്രീകരിച്ച് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സബ് ഗ്രൂപ്പ് ഓഫീസർ എന്നിവരുടെ യോഗം ചുവടെ വിവരിക്കുന്ന തീയതികളിലും സ്ഥലങ്ങളിലും വച്ച് ചേരുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

| | | | | |
|---|---|---|---|---|
| **1.** | **06.08.2018** | **11 എ എം** | **ഹരിപ്പാട് ജില്ല** | **ഹരിപ്പാട് ദേവസ്വം** |
| **2.** | **08.08.2018** | **11 എ എം** | **തിരുവനന്തപുരം ജില്ല** | **സുമംഗലി കല്യാണ മണ്ഡപം** |
| **3.** | **09.08.2018** | **11 എ എം** | **വൈക്കം ജില്ല** | **ആലുവ ബാലഭദ്ര ആഡിറ്റോറിയം** |
| **4.** | **13..08.2018** | **11 എ എം** | **പത്തനംതിട്ട ജില്ല** | **ഓമല്ലൂർ ദേവസ്വം ആഡിറ്റോറിയം** |

പ്രസ്തുത യോഗത്തിൽ ഓരോ ദേവസ്വത്തിലും ഓഫീസിലും അനുവദിച്ചിട്ടുള്ള തസ്തിക, നിലവിലുള്ള തസ്തിക, അധിക തസ്തിക / കുറവുള്ള തസ്തിക , കുറവ് ചെയ്യേണ്ട തസ്തിക , അധികമായി ആവശ്യമുള്ള തസ്തിക എന്നിവയുടെ കൃതമായ വിവരങ്ങൾ കാര്യകാരണ സഹിതം അതത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സബ് ഗ്രൂപ്പ് ഓഫീസർമാരും ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും സാക്ഷ്യപ്പെടുത്തി കൊണ്ട് വരേണ്ടതാണ്.

ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ 24.05.2018 ലെ ഡി എ നമ്പർ 257/18/ബി1 നമ്പർ സർക്കലർ പ്രകാരമുള്ള വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടിന് പകർപ്പും അന്നേ ദിവസം കൊണ്ട് വരേണ്ടതാണ്.

മേൽ വിവരിച്ച തീയതികളിലും സ്ഥലങ്ങളിലും യോഗം ചേരുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് അതത് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തുന്നു.

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും സർക്കുലർ ഉത്തരവ് രേഖാമൂലം അറിയിക്കുന്നതിന് അതത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തുന്നു.

**ദേവസ്വം കമ്മീഷണർ**

പകർപ്പ്
1.സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2.ചീഫ് എഞ്ചിനിയർ (ജനറൽ)
3.ചീഫ് എഞ്ചിനിയർ
4.തിരുവാഭരണം കമ്മീഷണർ, ആറന്മുള
5.സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
6.ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
7.ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
8.ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം, വൈക്കം, ഹരിപ്പാട്, പത്തനംതിട്ട
9.അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, നെയ്യാറ്റിൻകര, തിരവനന്തപുരം, ഉള്ളൂർ, വർക്കല, കൊല്ലം, കരുനാഗപ്പള്ളി, കൊട്ടാരക്കര, പുനലൂർ, ഹരിപ്പാട്, അമ്പലപ്പുഴ, മാവേലിക്കര, ആറന്മുള, ചങ്ങനാശ്ശേരി, തിരുവല്ല, കോട്ടയം, തൃക്കാരിയൂർ, ഏറ്റുമാനൂർ, വൈക്കം, മുണ്ടക്കയം, പറവൂർ
10.അസിസ്റ്റന്റ് ലാ ഓഫീസർ
11.ഇ ഡി പി സെക്ഷൻ
12. സെക്ഷൻ ഫയൽ